## കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പൊതുസ്ഥലംമാറ്റം - 2020 - കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ അദ്ധ്യാപകർക്ക് പൊതു സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. 11.02.2020 തീയതിയിലെ Special Cell(GT)/4779/2019/DME നം. വിജ്ഞാപനം.
2. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ 07.07.2020 തീയതിയിലെ പൊതു സ്ഥലം മാറ്റത്തിന്റെ കരട് പട്ടിക.
3. ഡോ. ശിവകുമാർ സി പി യുടെ 10-08-2020 ലെ പരാതി.
4. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ 17/09/2020 തീയതിയിലെ പൊതു സ്ഥലം മാറ്റത്തിന്റെ അന്തിമ പട്ടിക.

### ഉത്തരവ് നം. ജി3/2071/2020/മെ.വി.വ    തീയതി: 21.01.2021

പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ, 2020 വർഷത്തെ പൊതു സ്ഥലം മാറ്റത്തിനായി കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ അദ്ധ്യാപകർ ഓൺലൈൻ മുഖേന സമർപ്പിച്ച അപേക്ഷകൾ പ്രകാരം, സ്ഥലം മാറ്റത്തിന് അർഹരായവരുടെ കരട് സ്ഥലം മാറ്റ പട്ടിക പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചു. ടി കരട് പട്ടിക സംബന്ധിച്ച് പരാമർശം (3) പ്രകാരം ലഭ്യമായ പരാതി, പരാതി പരിശോധിയ്ക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി പരിശോധിച്ച്, ആയതിൽ, നിലവിലെ പൊതു സ്ഥലം മാറ്റ ചട്ടങ്ങൾ പ്രകാരം നിലനിൽക്കുന്ന പരാതി പരിഗണിച്ച് പരാമർശം (4) പ്രകാരം അന്തിമ സ്ഥലം മാറ്റ പട്ടിക പ്രസിദ്ധീകരിച്ചു. ആയത് അനുബന്ധമായി ചേർക്കുന്നു.

അന്തിമ പട്ടികയുടെ അടിസ്ഥാനത്തിൽ, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ അദ്ധ്യാപകരുടെ 2020 വർഷത്തെ പൊതു സ്ഥലം മാറ്റം ചുവടെ പട്ടികയിൽ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| പേര് | നിലവിൽ ജോലി നോക്കുന്ന മെഡിക്കൽ കോളേജ് | സ്ഥലം മാറ്റി നിയമിച്ച മെഡിക്കൽ കോളേജ് | അഭിപ്രായം |
|---|---|---|---|
| ഡോ. രേഖ റേച്ചൽ ഫിലിപ്പ് | ആലപ്പുഴ | കൊല്ലം | |
| ഡോ. രമ്യ ജി | കൊല്ലം | ആലപ്പുഴ | |
| ഡോ. ജയദേവ് വി. കെ | മഞ്ചേരി | കോഴിക്കോട് | |
| ഡോ. ലൈലാബി എം. പി | കോഴിക്കോട് | മഞ്ചേരി | |

അതാത് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർ ഈ ഉത്തരവ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട ജീവനക്കാരെ സമയ ബന്ധിതമായി അറിയിക്കേണ്ടതും; ടി ജീവനക്കാരുടെ വിടുതൽ/ ജോലിയിൽ പ്രവേശിക്കൽ ഉത്തരവുകൾ സമയ ബന്ധിതമായി പുറപ്പെടിവിക്കേണ്ടതുമാണ്. ആയത് ഈ കാര്യാലയത്തിൽ കൃത്യമായി അറിയിക്കേണ്ടതാണ്.

21/1/21

DR.REMLA BEEVI.A
DIRECTOR

സ്വീകർത്താവ്: 1. ബന്ധപ്പെട്ട ഡോക്ടർമാർക്ക് (അതാത് പ്രിൻസിപ്പൽ മുഖാന്തിരം).
2. പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ/കൊല്ലം/മഞ്ചേരി/കോഴിക്കോട്.

പകർപ്പ്: 1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
2. വെബ് സൈറ്റ് / നോട്ടീസ് ബോർഡ്.
3. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.